## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1201 04.12.2014 -ലെ മറുപടിയ്ക്ക്

## കേരള സർവ്വകലാശാലയുടെ അധ്യാപക പരിശീലന കേന്ദ്രങ്ങൾ

*ചോദ്യം*
ശ്രീ. പാലോട് രവി

*ഉത്തരം*
ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരള സർവ്വകലാശാലയുടെ കീഴിൽ അധ്യാപക പരിശീലന കേന്ദ്രങ്ങൾ എന്നാണ് ആരംഭിച്ചത്; | (എ) & (ബി) | കേരള സർവ്വകലാശാലയുടെ തിരുവനന്തപുരം, കൊല്ലം, അടൂർ, ആലപ്പുഴ, എന്നിവിടങ്ങളിൽ 1990 മുതലും, ഓലത്താന്നി (ഇപ്പോൾ നെടുമങ്ങാട് പ്രവർത്തിക്കുന്നത്), പുനലൂർ (ഇപ്പോൾ അഞ്ചൽ പ്രവർത്തിക്കുന്നത്) , താമരക്കുളം (ഇപ്പോൾ കുന്നത്തൂ പ്രവർത്തിക്കുന്നത്), കുളക്കട എന്നീ കോളേജുകൾ 1994 മുതലും, കണിയാപുരം (ഇപ്പോൾ കാര്യവട്ടത്ത് പ്രവർത്തിക്കുന്നത്), കായംകുളം എന്നിവിടങ്ങളിൽ 1996 മുതലും ആയി ആകെ 10 കേരള യൂണിവേഴ്സിറ്റി കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ (KUCTE) സ്ഥാപനങ്ങൾ കേരള സർവ്വകലാശാല നേരിട്ട് നടത്തുന്ന സ്വാശ്രയ സ്ഥാപനങ്ങളായി പ്രവർത്തിച്ചുവരുന്നു. |
| (ബി) | എത്ര പരിശീലന കേന്ദ്രങ്ങൾ ഉണ്ട്; | | |
| (സി) | സ്വന്തമായി സ്ഥലവും സൗകര്യങ്ങളും ഉള്ള കേന്ദ്രങ്ങൾ ഏതെല്ലാമാണ്; | (സി) | തിരുവനന്തപുരം ജില്ലയിൽ കാര്യവട്ടത്തുള്ള കേരള യൂണിവേഴ്സിറ്റി കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ സർവ്വകലാശാലയുടെ സ്വന്തം സ്ഥലത്ത് പ്രവർത്തിക്കുന്നു. ബാക്കിയുള്ള 9 ബി.എഡ് കോളേജുകൾ വിവിധ സർക്കാർ സ്കൂളുകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി 33 വർഷത്തേക്ക് വാടകേതര പാട്ടത്തിന് കേരള സർവ്വകലാശാലയ്ക്ക് പതിച്ച് നൽകി രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. |
| (ഡി) | ഏതെല്ലാം കേന്ദ്രങ്ങളുടെ അടിസ്ഥാനസൗകര്യവികസനത്തിന് എം.പി.,എം.എൽ.എ ഫണ്ടുകൾ അനുവദിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (ഡി) | ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (ഇ) | പ്രസ്തുത കേന്ദ്രങ്ങളുടെ അംഗീകാരം പിൻവലിക്കുന്നത് സംബന്ധിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ)<br>(എഫ്)<br>&<br>(ജി) | ഉണ്ട്.<br>ബി.എഡ്. കോളേജുകൾ നടത്തുന്നത് നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷന്റെ (NCTE) നിബന്ധനകൾക്ക് വിധേയമായാണ് . പ്രസ്തുത നിബന്ധപ്രകാരം അധ്യാപകരെ സ്ഥിരമായി നിയമിക്കുകയും അവർക്ക് കേന്ദ്ര / സംസ്ഥാന / യു ജി സി. ശമ്പള സ്കെയിൽ നൽകുകയും വേണം എന്നാൽ കേരള യൂണിവേഴ്സിറ്റി കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനുകൾ കേരള സർവ്വകലാശാല നേരിട്ട് നടത്തുന്ന സ്വാശ്രയ സ്ഥാപനങ്ങളാണ്. അവിടെ കരാർ അടിസ്ഥാനത്തിലാണ് അധ്യാപകരെ നിയമി ച്ചുവരുന്നത്. സ്വാശ്രയ സ്ഥാപ നങ്ങൾക്ക് സർക്കാരിന്റെ ഗ്രാന്റ് നൽകാറില്ല. NCTE യുടെ പരിശോധന വേളയിൽ പ്രസ്തുത സെന്ററുകൾക്ക് അംഗീകാരം നഷ്ടമാകുമെന്ന് ഉറപ്പായ ഘട്ടത്തിൽ സർക്കാർ സമയോചിതമായി ഇടപെടുകയും, NCTE മുമ്പാകെ സർക്കാർ നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ 10 കേരള യൂണിവേഴ്സിറ്റി കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനുകൾക്കും 2015-16 അദ്ധ്യയന വർഷം വരെ തുടർ അംഗീകാരം നൽകുവാൻ 2013 ഒക്ടോബർ 25 മുതൽ 27 വരെ ബാംഗ്ളൂരിൽ ചേർന്ന NCTE - SRC യുടെ 254-ാമത് മീറ്റിംഗിൽ തീരുമാനമുണ്ടായി. എന്നാൽ ബഹു. കേരള ഹൈക്കോടതി മുമ്പാകെ ശ്രീ. അജിത്ത് ഐസക് ഫയൽ ചെയ്ത WP(c) 26542/13 നം. കേസിൽ ബഹു. ഹൈക്കോടതിയുടെ 11.04.2014 ലെ വിധി പ്രകാരം NCTE യുടെ അംഗീകാരം 2013-14 അദ്ധ്യായന വർഷത്തേയ്ക്ക് മാത്രമേ നിലനിൽപ്പുള്ളുവെന്നും 2014-15 മുതൽ കോഴ്സ് നടത്തണമെങ്കിൽ തുടർ അംഗീകാരം നേടേണ്ടതുണ്ടെന്നും പ്രസ്താവിക്കുകയുണ്ടായി. പ്രസ്തുത ഹൈക്കോടതി വിധിന്യായത്തിൽ NCTE കേരള യൂണിവേഴ്സിറ്റി നേരിട്ട് നടത്തുന്ന 10 ബി.എഡ് കോളേജുകളുടെയും അംഗീകാരം പിൻവലിക്കുകയുണ്ടായി. അംഗീകാരം പുനസ്ഥാപിക്കുന്നതിന് സർവ്വകലാശാല അധികാരികൾ NCTE മുമ്പാകെ അപ്പീൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത അപ്പീലിൽ NCTE 24.11.2014 ൽ സർവ്വകലാശാലയുടെ ഭാഗത്തു നിന്നുള്ള |
| (എഫ്) | അംഗീകാരം പിൻവലിക്കാനുള്ള കാരണം വ്യക്തമാക്കുമോ; | | |
| (ജി) | അംഗീകാരം പിൻവലിക്കുന്നത് സംബന്ധിച്ച് ഹൈക്കോടതി പറഞ്ഞ വ്യവസ്ഥകൾ എന്തെല്ലാമാണ്; അംഗീകാരം പിൻവലിക്കാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കുമോ; അംഗീകാരം തുടർന്നും നിലനിർത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | | |

| | | | |
|---|---|---|---|
| | | | വിശദീകരണം കേൾക്കുകയുണ്ടായി. ബഹു. മുഖ്യ മന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനത്തുനിന്നുള്ള സംഘം കേരളത്തിന്റെ ആവശ്യങ്ങൾ ഉന്നയി ക്കുന്നതിനായി ബഹു. പ്രധാനമന്ത്രിയുമായും കേന്ദ്ര മന്ത്രിമാരുമായി കൂടികാഴ്ച നടത്തിയ വേളയിൽ കേരള യൂണിവേഴ്സിറ്റി കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷന്റെ 10 സ്ഥാപനങ്ങൾക്കും തുടർ അംഗീകാരം നൽകണമെന്ന വിഷയം വളരെ പ്രാധാ ന്യത്തോടെ ബഹു. കേന്ദ്ര മാനവശേഷി വകുപ്പ് മന്ത്രി മുമ്പാകെ അവതരിപ്പിച്ചിട്ടുമുണ്ട്. ഇതിൻമേൽ തീരുമാന ങ്ങളൊന്നും ഇതുവരെ ലഭ്യമായിട്ടില്ല. പ്രസ്തുത കോളേജുകൾക്ക് തുടർ അംഗീകാരം ലഭിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ തുടരുകയാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം -1

| ബി.എഡ് കോളേജിന്റെ പേര് | എം.പി / എം.എൽ.എ | അനുവദിച്ച തുക | വർഷം |
|---|---|---|---|
| കുമാരപുരം | ശ്രീ. ചിത്തരഞ്ജൻ, എക്സ്. എം.പി | 10 ലക്ഷം | 2004 |
| | ശ്രീ. പി.കെ വാസുദേവൻ നായർ, എക്സ്. എം.പി | 7.5 ലക്ഷം | 2005 |
| | ശ്രീ. പന്ന്യൻ രവീന്ദ്രൻ, എക്സ്. എം.പി | 8.5 ലക്ഷം | 2006 |
| | ശ്രീ. എ.കെ. ആന്റണി, എം.പി | 15 ലക്ഷം | 2010 |
| | ശ്രീ. എം.പി. അച്ചുതൻ, എം.പി | 7 ലക്ഷം | 2010 |
| | ശ്രീ. ശശി തരൂർ, എം.പി. | 20 ലക്ഷം | 2010 |
| | ശ്രീ. എം. വിജയകുമാർ, എക്സ്. എം.എൽ.എ | 11 3/4 ലക്ഷം | 2009 |
| നെടുമങ്ങാട് | ശ്രീ. മങ്കോട് രാധാകൃഷ്ണൻ , എക്സ്. എം.പി | 20 ലക്ഷം | 2006 |
| | ശ്രീ. മങ്കോട് രാധാകൃഷ്ണൻ , എക്സ്. എം.പി | 22 ലക്ഷം | 2012 |
| | ശ്രീ. വർക്കല രാധാകൃഷ്ണൻ, എക്സ്. എം.പി | 15 ലക്ഷം | 2006/07 |
| | ശ്രീ. പാലോട് രവി, എം.എൽ.എ | 25 ലക്ഷം | 2013 |
| കാര്യവട്ടം | ശ്രീ. എം.എ. വാഹിദ്, എം.എൽ.എ | 1 കോടി 50 ലക്ഷം | 2013 |
| കൊല്ലം | ശ്രീ.പി. രാജേന്ദ്രൻ, എക്സ്. എം.പി | 14 ലക്ഷം | 2000 |
| | ശ്രീ.പി. രാജേന്ദ്രൻ, എക്സ്. എം.പി | 14 ലക്ഷം | 2002 |
| | ശ്രീ. പി. കെ ഗുരുദാസൻ എം.എൽ.എ | 35 ലക്ഷം | 2014 |
| കുളക്കട | ശ്രീ. എ.കെ. ആന്റണി, എം.പി | 15 ലക്ഷം | 2006/07 |
| | ശ്രീമതി ഐഷാ പോറ്റി, എം.എൽ.എ | 3 ലക്ഷം | 2014 |
| അഞ്ചൽ | ശ്രീ. കെ. ഇ. ഇസ്മായിൽ, എക്സ്. എം.പി | 10 ലക്ഷം | 2008 |
| | ശ്രീ. പി.കെ. രാജു. എം.എൽ.എ | 33 ലക്ഷം | 2013 |
| കുന്നം | ശ്രീ. പി. ജെ. കുര്യൻ, എം.പി. | 7 ലക്ഷം | 2014 |
| | ശ്രീ. കെ.കെ. ഷാജു, എം.എൽ.എ | 5 ലക്ഷം | |
| കായംകുളം | ശ്രീ. രമേശ് ചെന്നിത്തല, എക്സ്. എം.പി | 5 ലക്ഷം | 2002 |
| | ശ്രീ. സി.കെ. സദാശിവൻ, എം.എൽഎ | 10 ലക്ഷം | 2009 |
| അടൂർ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, എം.എൽ.എ | 7.5 ലക്ഷം | 2007 |
| | ശ്രീ. ചിറ്റയം ഗോപകുമാർ എം.എൽ.എ | 50 ലക്ഷം | 2014 |
| ആലപ്പുഴ | ശ്രീ. കെ.സി. വേണുഗോപാൽ, എം.പി | 12 ലക്ഷം | 2003-2004 |
| | ഡോ. കെ.എസ്. മനോജ്, എക്സ്. എം.പി | 12 ലക്ഷം | 2006-07 |